**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 585** **09-08-2023 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ചികിത്സാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാരുണ്യ ചികിത്സാ പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ നിറുത്തലാക്കാനുള്ള കാരണം അറിയിക്കാമോ; | (എ) | കാരുണ്യ ചികിത്സാ പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ പേരുകളിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നിലവിൽ നടപ്പിലാക്കി വരുന്നു. |
| (ബി) | നിലവിൽ കാരുണ്യ ലോട്ടറിയിൽ നിന്നുള്ള വരുമാനം ഏത് ആവശ്യത്തിനാണ് ചെ ലവഴിക്കുന്നതെന്നു അറിയിക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | 2022 -23 സാമ്പത്തിക വർഷത്തിൽ കാരുണ്യ ലോട്ടറിയിൽ നിന്നും എത്ര തുക ലഭിച്ചുവെന്നും എത്ര തുക ചെലവായെന്നും അത് ഏതൊക്കെ തരത്തിലാണെന്നും വിശദമാക്കാമോ? | (സി) | 2022-23 സാമ്പത്തിക വർഷം കാരുണ്യ ലോട്ടറിയിൽ നിന്ന് ലഭിച്ച വിറ്റുവരവ് 3301.56 കോടി രൂപയാണ്. (കാരുണ്യ - 1707.85 കോടി രൂപ, കാരുണ്യ പ്ലസ് - 1593.71 കോടി രൂപ) ഭാഗ്യക്കുറി വകുപ്പിലെ ചെലവുകൾ (ഏജന്റ് കമ്മീഷൻ, സമ്മാനം, പരസ്യം മുതലായവ) സാമ്പത്തിക വർഷം അടിസ്ഥാനമാക്കിയാണ് തയ്യാറാക്കുന്നത്. ഒരു ലോട്ടറിയിൽ നിന്നുള്ള ചെലവുകൾ മാത്രമായി തയ്യാറാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ